(ബി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മിഷൻപുറപ്പെടുവിച്ചിട്ടുള്ള കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014-ലെ റെഗുലേഷൻ III പ്രകാരം തുടർച്ചയായി രണ്ട് ബില്ലിംഗ് സൈക്കിളുകളിൽ മീറ്റർ റീഡിംഗ് അപ്രാപ്യമാകുന്ന പക്ഷം പിഴയീടാക്കാൻ വ്യവസ്ഥ ചെയ്യുന്നു. ഇതുപ്രകാരം എൽ.റ്റി. സിംഗിൾ ഫേസ് കണക്ഷന് പിഴത്തുക 250 രൂപയായും എൽ.റ്റി ത്രീഫേസ് കണക്ഷന് 500 രൂപയായും നിജപ്പെടുത്തി ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മിഷൻഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത പിഴത്തുക ഈടാക്കുന്നത് താൽക്കാലികമായി മരവിപ്പിച്ചിട്ടുണ്ട്.

(സി) സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന് സപ്ലൈ കോഡ് ചട്ടങ്ങൾ രൂപപ്പെടുത്താൻ സർക്കാർ അനുമതി ആവശ്യമാണെന്ന് നിയമം നിഷ്കർഷിക്കുന്നില്ല.

(ഡി) സാധാരണഗതിയിൽ പ്രതിമാസം ബില്ലിംഗ് ചെയ്യുന്ന ഉപഭോക്താക്കളുടെ റീഡിംഗ് എല്ലാ മാസവും ആദ്യത്തെ ദിവസങ്ങളിലും ദ്വൈമാസ ബില്ലിംഗ് ചെയ്യുന്ന ഉപഭോക്താക്കളുടെ റീഡിംഗ്, യഥാമാസങ്ങളിലെ നിശ്ചിത ദിവസത്തിലും ആയിരിക്കും രേഖപ്പെടുത്തുന്നത്. നിശ്ചിത തീയതിക്കുള്ളിലാണ് ഇപ്പോൾ മീറ്റർ റീഡിംഗ് എടുക്കുന്നതിന് സംവിധാനമുള്ളത്. എന്നാൽ ഇത് മുൻകൂട്ടി അറിയിക്കുന്നതിന് സംവിധാനമില്ല. ചട്ടങ്ങൾ അന്തിമമായി പുറപ്പെടുവിക്കുന്നതിനുമുമ്പ് വൈദ്യുതി റെഗുലേറ്ററി കമ്മിഷൻകരട് ചട്ടങ്ങൾ പ്രസിദ്ധീകരിക്കുകയും, പൊതുതെളിവെടുപ്പ് നടത്തുകയും പൊതു തെളിവെടുപ്പിൽ ഉപഭോക്താക്കൾ ചൂണ്ടിക്കാണിക്കുന്ന ആശങ്കകൾ പരിശോധിക്കുകയും ചെയ്തിട്ടുണ്ട്.

കെ.എസ്.ഇ.ബി. ചങ്ങനാശ്ശേരി ഡിവിഷനിലെ ഒഴിവുകൾ

18 (403) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. ചങ്ങനാശ്ശേരി ഡിവിഷനിൽപെട്ട ചങ്ങനാശ്ശേരി, തൃക്കൊടിത്താനം, തെങ്ങണ, കുറിച്ചി സെക്ഷനുകളിൽ എഞ്ചിനീയർ, ഓവർസിയർ, ലൈൻമാൻ, വർക്കർ എന്നീ തസ്തികകളിൽ ഒഴിവുകൾ ഉണ്ടോ എന്ന് അറിയിക്കാമോ ;

(ബി) എങ്കിൽ ഓരോ സെക്ഷനിലും ഈ വിഭാഗങ്ങളിൽ എത്ര ഒഴിവുകൾ വീതം നികത്തുവാനുണ്ട് എന്ന് അറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഒഴിവുകൾ നികത്താത്തതുമൂലം ജനങ്ങൾക്കുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത ഒഴിവുകൾ നികത്തി ജനങ്ങളുടെ ബുദ്ധിമുട്ട് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഒഴിവുകൾ സംബന്ധിച്ച വിശദ വിവരം ചുവടെ ചേർക്കുന്നു:

സെക്ഷൻ/തസ്തിക	ചങ്ങനാശ്ശേരി	തൃക്കൊടിത്താനം	തെങ്ങണ	കുറിച്ചി
അസിസ്റ്റന്റ് എഞ്ചിനീയർ	1	ഇല്ല	ഇല്ല	1
ഓവർസിയർ	4	1	1	ഇല്ല
ലൈൻമാൻ	ഇല്ല	ഇല്ല	1	1
വർക്കർ	ഇല്ല	ഇല്ല	ഇല്ല	ഇല്ല

(സി) ഇല്ല

(ഡി) ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കെ.എസ്.ഇ.ബി.-യുടെ പ്രവർത്തനം

19 (404) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) ജീവനക്കാരുടെ കുറവ് ഇതിന്റെ പ്രവർത്തനത്തെ ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കെ.എസ്.ഇ.ബി. ഇലക്ട്രിക് വിഭാഗത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഡപ്യൂട്ടി ചീഫ് എഞ്ചിനീയർ, തസ്തികകളിലായി എത്ര ഒഴിവുകളുണ്ടെന്നും അർഹതപ്പെട്ട എല്ലാവർക്കും സ്ഥാനക്കയറ്റം നൽകിയാൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ പി.എസ്.സി. വഴി നിയമനം നടത്താൻ നിലവിൽ എത്ര ഒഴിവുകൾ ഉണ്ടാകുമെന്നും അറിയിക്കുമോ; പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകൾ എത്രയെന്ന് അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly